

FRIDAY

വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**30-07-2021**

# എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

1. ജലസേചനത്തിനായി സാമൂഹ്യാടിസ്ഥാനത്തിൽ ജലസംഭരണികൾ/ കുളങ്ങൾ/പ്ലാസ്റ്റിക് ലൈനിങ്ങോടുകൂടിയ റിസർവോയറുകൾ എന്നിവ നിർമ്മിക്കുന്നതിന് എം ഐ ഡി എച്ച് പദ്ധതി പ്രകാരം സബ്സിഡി നൽകുന്നു. സ്വകാര്യ സംരംഭകർ, കർഷകർ, എന്നിവർക്ക് ജലസ്രോതസ്സുകൾ നിർമ്മിക്കുന്നതിന് സമതല പ്രദേശങ്ങളിൽ രജിസ്റ്റേർഡ് എഞ്ചിനീയറുടെയോ എൽ.എസ്.ജി.ഡി എഞ്ചിനീയറുടെയോ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 75000/- രൂപ ധനസഹായം നൽകുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ കൃഷി ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. പാലോട്ട് പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിൽ ക്ലാസിക്കൽ സ്വൈൻ ഫീവർ എന്ന രോഗത്തിനെ പ്രതിരോധിക്കുന്നതിനുള്ള വാക്സിൻ ലഭ്യമാണെന്ന് സ്ഥാപനം മേധാവി അറിയിക്കുന്നു. പന്നികളെ വളർത്തുന്ന കർഷകർക്ക് ആവശ്യമുള്ള പക്ഷം പതിനഞ്ച് ഡോസ് വാക്സിന് 788 രൂപ എന്ന നിരക്കിൽ സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങുകയോ അടുത്തുള്ള മൃഗാശുപത്രി വെറ്ററിനറി സർജൻ മുഖാന്തിരം വാക്സിൻ സൗജന്യമായി ലഭ്യമാക്കുകയോ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ – 9447269909, 0472-2840262

3. റബ്ബർതോട്ടങ്ങളുടെയും റബ്ബർകർഷകരുടെയും വിശദമായ സ്ഥിതിവിവരങ്ങൾ ശേഖരിക്കുന്നതിന് വേണ്ടി വികസിപ്പിച്ചെടുത്ത 'റുബാക്' (RUBAC- Rubber Area Census) എന്ന മൊബൈൽ ആപ്ലിക്കേഷൻ പ്രവർത്തന സജ്ജമായതായി റബ്ബർ ബോർഡ് ഡപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

4. കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതിയിലേക്ക് https://agrimachinery.nic.in/index എന്ന വെബ്സൈറ്റിൽ കൂടി അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി 8075251014, 9895440373, 9383471799 എന്നീ ഫോൺ നമ്പറുകളിലോ smamkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**30-07-2021**

## പരിശീലന പരിപാടികൾ

**5.** ഹോർട്ടികോർപ്പ് ആരംഭിക്കുന്ന തേനീച്ച വളർത്തലിനെ കുറിച്ചുള്ള ഓൺലൈൻ പരിശീലന പരിപാടിയുടെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് നാളെ (31 ന്) ഉച്ചയ്ക്ക് രണ്ട് മണിക്ക് നിർവ്വഹിക്കും. എട്ട് സെഷനുകളും രണ്ട് ദിവസത്തെ പ്രായോഗിക പരിശീലനവും ഉൾക്കൊള്ളുന്ന പ്രസ്തുത പരിശീലനത്തെ കുറിച്ചറിയാൻ **9400985260, 0479-2386695** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

**6.** എറണാകുളം ജില്ലയിലെ കാർഷിക പരിശീലന കേന്ദ്രമായ വൈറ്റില ആർ.എ.റ്റി.റ്റി.സി കർഷകർക്കായി ഇന്ന് (30-ന്) **വെള്ളരിവർഗ വിളകൾ** എന്ന വിഷയത്തിൽ ഉച്ചതിരിഞ്ഞ് 2.30 ന് ഫേയ്സ്ബുക്ക് പരിശീലന പരിപാടി നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0484-2703094** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

**7.** **സപ്ലൈ ചെയിൻ മാനേജ് മെന്റ് ഫോർ സസ്റ്റയിനബിൾ അഗ്രിബിസിനസ്** എന്ന വിഷയത്തിനെ ആധാരമാക്കി കേരള കാർഷിക സർവ്വകലാശാല ഇന്ന് (30 ന്) ഉച്ചയ്ക്ക് രണ്ടു മണിക്ക് ദേശീയ വെബിനാർ സംഘടിപ്പിക്കുന്നു. https://bit.ly/2VkRvGk എന്ന വെബെക്സ് ലിങ്ക് വഴി 170 512 9865 എന്ന നമ്പരും 300721 എന്ന പാസ്വേർഡും ഉപയോഗിച്ച് വെബിനാറിൽ പങ്കെടുക്കാവുന്നതാണ്.

**8.** കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ വെറ്ററിനറി സർവ്വകലാശാല സംരംഭകത്വ വിഭാഗവും, വെറ്ററിനറി കോളേജ്, പൂക്കോട് വായനാടിലെ വിജ്ഞാന വ്യാപന വിഭാഗവും, സംയുക്തമായി **"ഓമനമൃഗങ്ങളുടെയും പക്ഷികളുടെയും സംരക്ഷണവും രോഗനിയന്ത്രണവും"** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. **ആഗസ്റ്റ് 2 മുതൽ 8** വരെ വൈകുന്നേരം 5 മണിക്ക് https://us02web.zoom.us/j/9995213500 എന്ന ലിങ്കിലൂടെ 999 521 3500 എന്ന ഐ ഡി ഉപയോഗിച്ച് പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് 9446714462 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**9.** ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ റബ്ബർബോർഡ് ആഗസ്റ്റ് 03, 04 തീയതികളിൽ രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഓൺലൈൻ പരിശീലനം നടത്തുന്നു.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**30-07-2021**

റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലനവിഷയങ്ങൾ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481-2353127** എന്ന ഫോൺ നമ്പറിലും **04812353201** എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം.

### 10. കാർഷിക സർവ്വകലാശാല നൽകുന്ന വിളപരിപാലന നിർദ്ദേശങ്ങൾ

മഴ കൂടുന്ന സാഹചര്യത്തിൽ വാഴയിൽ 'മാണ അഴുകലിന്' സാദ്ധ്യതയുണ്ട്. പ്രതിരോധ നടപടി എന്ന നിലയിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന അളവിൽ നേർപ്പിച്ച ലായനി മൂന്ന് ലിറ്റർ വീതം ഓരോ വാഴയുടെ ചുവട്ടിലും ഒഴിച്ച് കൊടുക്കുക.

### 11. വെറ്ററിനറി സർവ്വകലാശാല നൽകുന്ന മൃഗപരിപാലന നിർദ്ദേശങ്ങൾ

ആട്ടിൻ കുട്ടികൾ ജനിച്ചാൽ അരമണിക്കൂറിനകം കന്നിപ്പാൽ നൽകണം. കുട്ടികൾ ജനിച്ചുടൻ പൊക്കിൾ കൊടി ശരീരവുമായി ചേരുന്നിടം പൊവിഡോൺ അയഡിൻ ലായനി മുക്കി അണുവിമുക്തമാക്കണം. തുടർന്ന് ദിവസവും രണ്ടു നേരം എന്ന നിലയിൽ നാലു ദിവസം വരെ ഇതു പോലെ പൊക്കിൾകൊടി അണു വിമുക്തമാക്കുന്നത് പൊക്കിൾ കൊടി വീക്കം തടയുന്നതിന് സഹായിക്കും.